# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6461 21.11.2019 -ൽ മറുപടിക്ക്

**മലയാളഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്ത് മലയാളഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ നിലവിലുണ്ടോ; വിശദമാക്കാമോ; | എ യും ബി യും സി യും | സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും മലയാളഭാഷ പഠിപ്പിക്കുന്നുണ്ട്. എന്നാൽ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളിലും, കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയങ്ങൾ, സൈനിക സ്കൂൾ എന്നിവിടങ്ങളിലും മലയാളഭാഷാ പഠനത്തിൽ വിമുഖത കാട്ടുന്നുണ്ട്. ഈ സാഹചര്യത്തിൽ സർക്കാരിതര സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളിലും മലയാള ഭാഷാപഠനം ലക്ഷ്യമാക്കി നിയമം കൊണ്ടു വന്നിട്ടുണ്ട്. 2018 ലെ മലയാളഭാഷാ പഠന ചട്ടങ്ങളിൽ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളിലും മലയാളഭാഷ പഠിപ്പിക്കണം എന്ന ചട്ടം ഉൾപ്പെടുത്തിയിട്ടുണ്ട്. സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ അഫിലിയേഷനോടു കൂടി പ്രവർത്തിക്കുന്ന സ്കൂളുകളിൽ 1, 2 ക്ലാസ്സുകളിൽ മലയാളം പഠിപ്പിക്കാൻ പ്രത്യേകം പാഠപുസ്തകം എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. 3 മുതലുള്ള ക്ലാസ്സുകളിൽ മലയാളത്തിനു മാത്രമായി പാഠപുസ്തകങ്ങൾ നിലവിലുള്ളതിനാൽ ആ പാഠപുസ്തകങ്ങൾ തന്നെ തുടരാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| ബി | സർക്കാരിതര സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളിൽ മലയാളഭാഷ നിർബന്ധമാക്കിയിട്ടുണ്ടോ; | | |
| സി | സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ മലയാളഭാഷ പഠിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ